**അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഹോം സയൻസ് തസ്തിക**

105 (4493) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഹോം സയൻസ് (എക്സ്റ്റൻഷൻ എഡ്യുക്കേഷൻ) തസ്തികയിൽ നിലവിലെത്ര ഒഴിവുകളുണ്ട്; ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഹോം സയൻസ് (എക്സ്റ്റൻഷൻ എഡ്യുക്കേഷൻ) തസ്തികയിൽ നിലവിൽ 3 ഒഴിവുകളുണ്ട്; ഈ 3 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഏതെല്ലാം ഗവൺമെന്റ് കോളേജുകളിലാണ് പ്രസ്തുത തസ്തിക നിലവിലുള്ളത്?

തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ മാത്രമാണ് ഗവൺമെന്റ് കോളേജുകളിൽ ഹോം സയൻസ് (എക്സ്റ്റൻഷൻ എഡ്യുക്കേഷൻ) തസ്തിക നിലവിലുള്ളത്.

**യു.ജി.സി. ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി**

106 (4494) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കോളേജ് അദ്ധ്യാപകർക്ക് 1-1-2016 മുതൽ നടപ്പിലാക്കിയ യു.ജി.സി. ശമ്പളവും പെൻഷനും പരിഷ്കരണ ഉത്തരവിന്റെ ആനുകൂല്യം അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ കാലതാമസംമൂലം എല്ലാ അദ്ധ്യാപകർക്കും ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1-1-2016-ന് ശേഷവും ശമ്പളപരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ച 29-6-2019-നും ഇടയിൽ സർവ്വീസിൽനിന്നും പെൻഷനായവരിൽ പരിഷ്കരണ ആനുകൂല്യങ്ങൾ ലഭിക്കുവാനുള്ള അദ്ധ്യാപകരുടെ എണ്ണം എത്രയാണ്?

എയ്ഡഡ് കോളേജുകളിലെ 1171 പേരും സർക്കാർ ലോ കോളേജുകളിൽ 9 പേരുമാണ്. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരുടെ എണ്ണം ശേഖരിച്ച് താമസംവിനാ ലഭ്യമാക്കുന്നതാണ്.

(സി) ഇവരുടെ ആനുകൂല്യങ്ങൾ വേഗത്തിൽ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശമ്പളപരിഷ്കരണ നടപടികൾ വേഗത്തിലാക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly